**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4313** | **09-08-2021 - ൽ മറുപടിയ്ക്ക്**

**ഭൂമി പതിച്ച് നൽകുന്നതിലെ നിയമ തടസ്സങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പതിറ്റാണ്ടുകളായി ഭൂമി കൈവശം വെച്ച് പോരുന്നതും പ്രസ്തുത ഭൂമിയിൽ വീട് നിർമ്മിച്ച് താമസിക്കുന്നതും കൃഷി ചെയ്തു വരുന്നതുമായ ധാരാളം പേർക്ക് നിക്ഷിപ്ത ഭൂമി പതിച്ച് നൽകുന്നതിൽ നിലനിൽക്കുന്ന നിയമ തടസ്സങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | 01.01.1977 ന് മുൻപ് വനഭൂമിയിൽ കുടിയേറി കൈവശം വെച്ച് വരുന്നവരുടെ കുടിയേറ്റം ക്രമീകരിച്ച് പട്ടയം നൽകുന്നതിനായി 1980 ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്റ്റ് പ്രകാരം കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്. അപ്രകാരമുള്ള ഭൂമി വനം - റവന്യൂ വകുപ്പുകൾ സംയുക്ത പരിശോധന നടത്തി, ജില്ലാ കളക്ടർമാർ നിർദ്ദേശാനുസരണമുള്ള സ്കെച്ച് തയ്യാറാക്കി ഓൺലൈനായി വനം വകുപ്പിന്റെ സൈറ്റിൽ അപ് ലോഡ് ചെയ്യുകയും, കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ഭൂമിയ്ക്ക് 1993 ലെ പ്രത്യേക ഭൂമി പതിവ് ചട്ടപ്രകാരം പട്ടയം അനുവദിയ്ക്കാവുന്നതുമാണ്. |
| (ബി) | ഇപ്രകാരമുള്ള ഭൂമിയിൽ വർഷങ്ങളായി വീട് വെച്ച് താമസിക്കുന്നവർക്ക് വീട് നമ്പർ ലഭിക്കാത്ത സാഹചര്യവും ഭൂനികുതി അടയ്ക്കാൻ പറ്റാത്ത സാഹചര്യവും നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | ഇപ്രകാരമുള്ള ഭൂമിയിൽ പട്ടയം ലഭിക്കാത്ത ഭൂമിയ്ക്ക് ഭൂനികുതി ഒടുക്കുവാനും, വീടുകൾക്ക് നമ്പർ നൽകുവാനും സാധിക്കാത്തതാണ്. എന്നാൽ പ്രസ്തുത ഭൂമി പതിച്ച് നൽകുവാൻ കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് പട്ടയം വിതരണം ചെയ്യുന്നതും, അതോടുകൂടി മേൽ പറഞ്ഞ ബുദ്ധിമുട്ടുകൾ പരിഹരിക്കപ്പെടുന്നതുമാണ്. ആയതിലേയ്ക്കായി വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയായ കേസുകളിൽ ജില്ലാ കളക്ടർമാർ സ്കെച്ച് തയ്യാറാക്കി ഓൺലൈനായി വനം വകുപ്പിന്റെ സൈറ്റിൽ വിശദാംശങ്ങൾ അപ് ലോഡ് ചെയ്യുന്ന നടപടി പുരോഗമിച്ചു വരുന്നതാണ്. പത്തനംതിട്ട, പാലക്കാട് ജില്ലകളിൽ ഓൺലൈൻ സബ്മിഷൻ പൂർത്തിയായിട്ടുള്ളതാണ്. |
| (സി) | സർവ്വേയുടെ ഭാഗമായി വനം വകുപ്പും റവന്യൂ വകുപ്പും നടത്തിയിരുന്ന ജോയിന്റ് വെരിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ഇത്തരം ഭൂമി കൈവശം വെച്ച് വരുന്നവർക്ക് പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | 01.01.1977 ന് മുമ്പ് വനഭൂമിയിൽ കുടിയേറിയവരുടെ കുടിയേറ്റം ക്രമീകരിക്കുന്നതിനായി 1980 ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്റ്റ് പ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ആവശ്യമാണ്. ആയതിലേയ്ക്കായി പ്രസ്തുത ഭൂമി വനം- റവന്യൂ |

| | | | |
|---|---|---|---|
| | | | വകുപ്പുകൾ സംയുക്ത പരിശോധന നടത്തി നിർദ്ദേശാനുസരണമുള്ള സ്കെച്ച് തയ്യാറാക്കി ബന്ധപ്പെട്ട ജില്ലാ കളക്ടർ ഓൺലൈനായി വനം വകുപ്പിന്റെ സൈറ്റിൽ വിശദാംശങ്ങൾ അപ് ലോഡ് ചെയ്യുകയും കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ഭൂമിയ്ക്ക് 1993 ലെ പ്രത്യേക ഭൂമി പതിവ് ചട്ടപ്രകാരം പട്ടയം അനുവദിക്കുന്നതുമാണ്. പ്രസ്തുത പ്രവർത്തി ഇത്തരം കേസുകൾ ബാധകമല്ലാത്ത ആലപ്പുഴ, കാസർഗോഡ് ജില്ലകൾ ഒഴികെയുള്ള ജില്ലകളിൽ പുരോഗമിച്ച് വരുന്നതും, പത്തനംതിട്ട, പാലക്കാട് ജില്ലകളിൽ ഓൺലൈൻ സബ് മിഷൻ പൂർത്തിയായിട്ടുള്ളതുമാണ്. |
| (ഡി) | 1976-1977 കാലഘട്ടത്തിൽ നടത്തിയ റീസർവ്വേയുടെ അടിസ്ഥാനത്തിൽ വൈത്തിരി താലൂക്കിലെ ഏതെല്ലാം വില്ലേജുകളിലെ ഇപ്രകാരം കൈവശം വെച്ചിരുന്ന സ്ഥലങ്ങളാണ് വനഭൂമി ആയി പ്രഖ്യാപിച്ചിരിക്കുന്നത്; ആയത് മൂലം കൽപ്പറ്റ നിയോജകമണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്കാണ് ഇനിയും പട്ടയം ലഭിക്കാത്തതായ പ്രശ്നം നേരിടുന്നത്; വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (ഡി) | വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിലെ വെള്ളരിമല, കോട്ടപ്പടി, തൃക്കൈപ്പറ്റ, മൂപ്പൈനാട് എന്നീ വില്ലേജുകളിലായി കടച്ചിക്കുന്ന്, നീലിമല, കുന്നമംഗലംവയൽ, ചുളിക്ക, ജയ് ഹിന്ദ്, താഞ്ഞിലോട് തുടങ്ങിയ സ്ഥലങ്ങളിലാണ് ഈ പ്രശ്നമുള്ളത്. കോട്ടപ്പടി വില്ലേജിൽ 54 അപേക്ഷയും, വെള്ളരിമല വില്ലേജിൽ 39, തൃക്കൈപ്പറ്റ 112, മൂപ്പൈനാട് 459 ഉൾപ്പെടെ ആകെ 664 അപേക്ഷകൾ സംയുക്ത പരിശോധനയിൽ അംഗീകരിച്ചിട്ടുണ്ട്. |
| (ഇ) | 01.01.1977-ന് മുൻപ് ഇത്തരം ഭൂമി കൈവശം വെച്ചിരുന്നവർക്ക് ജോയിന്റ് വെരിഫിക്കേഷന് ശേഷവും പട്ടയം ലഭിക്കാത്തതായ പ്രശ്നം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഇ) | 01.01.1977-ന് മുമ്പ് വനഭൂമി കൈവശം വെച്ചു വരുന്നവരിൽ ഈ കാര്യം തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയവരുടെ സംയുക്ത പരിശോധനയും, അംഗീകരിച്ച അപേക്ഷകരുടെ ഗൂഗിൾ മാപ്പിംഗ് ജോലിയും പൂർത്തീകരിച്ചതാണ്. കേന്ദ്ര സർക്കാരിന്റെ വെബ്സൈറ്റിൽ ഡാറ്റ അപ് ലോഡ് ചെയ്യുന്നതിന് സ്കെച്ച് ആവശ്യമായതിനാൽ ഇതിൽ ഒപ്പ് വയ്ക്കുന്നതിനായി വനം വകുപ്പിന് കൈമാറിയിട്ടുണ്ട്. സ്കെച്ച് ഒപ്പ് വച്ച് വനം വകുപ്പിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല. ആയത് ഉടനെ ലഭ്യമാക്കി അപ് ലോഡിംഗ് പൂർത്തിയാക്കാവുന്നതും, കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്ന നടപടി സ്വീകരിക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ